ശ്രീ. കളത്തിൽ വേലായുധൻ നായർ : കൂലിക്കാർ അവിടെ യിരുന്ന ജോലി ചെയ്തതു് ഷട്ടറകം തുറക്കാൻ വേണ്ടിയല്ല. അണയുടെ ജോലികം പൂത്തിയാക്കാൻ വേണ്ടിയാണു്. ഷട്ടറകംക്കു് പറിയിട്ടുള്ള ചില കേടുപാടുകം തീക്കുന്നതിനം കൂലിക്കാർ ജോലി ചെയ്തിട്ടുണ്ടു്.

ശ്രീ. എ. കെ. ചെല്ലയ്യാ : ഷട്ടറകംക്കു് പറിയിട്ടുള്ള കേടുപാടുകം തീക്കാൻവേണ്ടി ഇത്ര വലിയ ജനക്കൂട്ടം രാത്രിയും പകലും ജോലി ചെയ്യേണ്ടതായിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഷട്ടറകം തുറക്കുന്നതിനു വേണ്ടി എതാനും ആളുകം മാത്രമെ അവിടെ ജോലി ചെയ്തിരുന്നൊള്ളു. ഞാൻ പറയുന്നതു്, ടെംപറി ഷട്ടറിന്റെ കാര്യമാണു്. മെയിൻ ഷട്ടറിൽ ഒരു കമ്പു് എങ്ങനെയോ കയറിയിരുന്നതുനിമിത്തം വെള്ളം ശീഘ്രഗതിയിൽ പോകുന്നതിനു തടസ്സം ഉണ്ടായി. ഒടുവിൽ ഷട്ടർ തുറന്ന അകത്തിരുന്ന കമ്പു് വെളിയിൽ കളയുകയും അതോടുകൂടി കേടുകം തീരുകയും ചെയ്തുയുണ്ടായി. അതിനുമുമ്പുതന്നെ ഇൻജിനിയ റിംഗു് വിദഗ്ദ്ധന്റെ നിർദ്ദേശത്താൽ പമ്പുചെയ്തു ആവശ്യമുള്ള വെള്ളം അണയിൽ കയറുകയും ചെയ്തിരുന്നു. ഈ കാര്യുകം കാണുന്നതിനു കുറെയാളുകം അവിടെ കൂടിയിരുന്ന എന്നല്ലാതെ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ ഷട്ടറ തുറക്കാൻ അറിഞ്ഞുകൂടാത്ത ആളുകളെ നിയോഗിച്ചതുമൂലം ഉണ്ടായ ആൾക്കൂട്ടമല്ലായിരുന്നു അതു്.

ശ്രീ. എ. കെ. ചെല്ലയ്യാ : ഈ ഷട്ടർ തുറക്കാൻ എത്രദിവസത്തെ താമസമുണ്ടായി എന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ൨൪ മണിക്കൂർമാത്രമേ താമസമുണ്ടായിരുന്നുള്ളു.

Minimum Wages Committee.

*71. [19] **Shri C. Sankar** : Will the Minister for Local Self-Government be pleased to state :

(*a*) what are the recommendations of the Minimum Wages Committee for Municipal workers ;

(*b*) when was the report of the Committee submitted to Government ; and

(*c*) what decisions have the Government taken regarding those recommendations ?

Minister for Local Self-Government (**Shri K. Kochukuttan**):

(*a*) The recommendations are still under the consideration of Government. They cannot, therefore, be disclosed at this stage.

(*b*) 15—8—1952.

(*c*) No decision has yet been taken.

ஸ்ரீ. சி. சங்கர்: அதைப்பற்றி ஓர் தீர்மானத்துக்கு வர எவ்வளவு காலம் பிடிக்கும்?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : എത്രയും വേഗം തീരുമാനം ഉണ്ടാക്കുന്നതായിരിക്കും.

"കനകം" ബോട്ട പകടം.

* ൭൫. [൨൦] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ

(എ) 'കനകം' ബോട്ടപകടത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യാൻ നിയുക്തമായിരുന്ന കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ട് എത്ര കാലമായി;

(ബി) കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ബോട്ടപകടത്തിനു ഉത്തരവാദികളായവരുടെ മേൽ ഗവണ്മെന്റ് എന്തു നടപടികൾ സ്വീകരിച്ചു?

(സി) ക്യനാൽസ് ആൻഡ് ഹൈവേസ് ആക്ട് ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനു കമ്മിറ്റി സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങൾ ഗവണ്മെന്റ് സ്വീകരിച്ചോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഒരു വർഷം ആകാറായി.

(ബി) നടപടികൾ എടുത്തുകൊണ്ടിരിക്കയാണ്.

(സി) ചില നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട് മറ്റു ചിലവ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ : ബോട്ടുകൾ പരിശോധിക്കുന്നതിനു നിയുക്തനായിരുന്ന ആഫീസർക്ക് എന്തു പരീക്ഷായോഗ്യത വേണമെന്നാണു വ്യവസ്ഥയുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻനായർ : മെക്കാനിക്കൽ ഇൻജിനിയറിംഗ് എന്ന പരീക്ഷായോഗ്യതയുണ്ടായിരിക്കണമെന്ന വ്യവസ്ഥയുണ്ട്.

ശ്രീ. ഒ. സി. നൈനാൻ : ഇതുകൂടാതെ ബോട്ടുകൾ പരിശോധിക്കുന്നതിനും മറ്റും വേറെ ചില യോഗ്യതകൂടി ഉണ്ടായായിരിക്കണമെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഉണ്ട്.

WRITTEN ANWSERS.

രക്തതിസാരം എന്ന സാംക്രമികരോഗം.

* ൭൬. [൨൫] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ തിരുവിതാംകൂറിലെ ചില താലൂക്കുകളിൽ രക്തതിസാരം എന്ന സാംക്രമികരോഗം സർവ്വത്ര വ്യാപിച്ചിരിക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly